പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 139 06-01-2014-ൽ മറുപടിക്ക്.

## വ്യാജമദ്യ നിയന്ത്രണം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ആഘോഷങ്ങളുമായി ബന്ധപ്പെട്ട് വ്യാജമദ്യ വിൽപ്പന നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഓണം/ക്രിസ്മസ്/ പുതുവത്സരാഘോഷങ്ങളുമായി ബന്ധപ്പെട്ട്, സ്പിരിറ്റ്, വ്യാജമദ്യ ഉത്പാദനം, കടത്ത്, വിൽപ്പന, വിതരണം, മയക്കുമരുന്നു വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി, ടി കാലയളവുകൾ സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റെയ്ഡുകളും, നൈറ്റ് പട്രോളിംഗും നടത്തുന്നതിനു പുറമേ, ചെക്ക് പോസ്റ്റുകളിലും, പ്രധാന അതിർത്തികളിലുള്ള റോഡുകളിലും വാഹന പരിശോധന കർശനമായി നടത്തി വരുന്നു. വ്യാജമദ്യ വിൽപ്പനയെക്കുറിച്ച് പരാതികൾ/വിവരങ്ങൾ ശേഖരിച്ച് ഉടൻ നടപടി സ്വീകരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റിന്റെ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്ട്രൈക്കിംഗ് യൂണിറ്റിന്റെ പ്രവർത്തനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്. രാത്രികാല വാഹന പരിശോധനകൾ കർശനമായി നടത്തി വരുന്നു. ലൈസൻസ് ചെയ്ത സ്ഥാപനങ്ങളിലൂടെ വിറ്റഴിക്കുന്ന മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മിന്നൽ പരിശോധന നടത്തി, സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നു. വ്യാജമദ്യ ഉത്പാദന/വില്പനയ്ക്ക് കുപ്രസിദ്ധമായ സ്ഥലങ്ങളിൽ പോലീസ്, റവന്യൂ, വനം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വ്യാജമദ്യ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, വ്യാജമദ്യ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് 1868 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുകളിൻമേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത കേസുകളിൽ ഭൂരിഭാഗത്തിന്റെയും അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളിൽ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ആഫീസർ